## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2190** **06/02/2019-ൽ മറുപടിയ്ക്ക്**

## ബാലവേല

**ചോദ്യം**

ശ്രീ.എം. രാജഗോപാലൻ

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ വിശിഷ്യ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിൽ ഉൾപ്പെടെ കേരളത്തിലെയും അന്യസംസ്ഥാനങ്ങളിലെയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ജോലിക്ക് നിർത്തി ചൂഷണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) ഇത്തരത്തിൽ ബാലവേല ചെയ്യിക്കുന്ന നടപടി ഇല്ലാതാക്കാനും ഈ ജോലിയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും വീടുകൾ കേന്ദ്രീകരിച്ച് പോലീസിനെയും വളണ്ടിയർമാരെയും ഉപയോഗിച്ച് പരിശോധന നടത്താനും ഇത്തരക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷ ലഭിക്കാവുന്ന തരത്തിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി) ബാലവേല നിയന്ത്രണവും നിരോധനവും അമൻമെന്റ് ആക്റ്റ് 2016 പ്രകാരം ജില്ലകളിൽ ആന്റി ചൈൽഡ് ലേബർ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാസ്ക് ഫോഴ്സിൽ സബ് ഡിവിഷൻ മജിസ്ട്രേറ്റ്, വുമൺ പോലീസ് ഓഫീസർ, Special Juvenile Police Unit DYSP (DCB), ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, സി.ഡബ്ല്യു.സി. ചെയർപേഴ്സൺ, ജില്ലാ ലേബർ ഓഫീസർ, DCPO, Factory Inspector, DLSA സെക്രട്ടറി, സന്നദ്ധ സംഘടനയുടെ പ്രതിനിധിയായി എന്ന നിലയിൽ ചൈൽഡ് ലൈൻ നോഡൽ കോ-ഓർഡിനേറ്റർ തുടങ്ങിയവർ അംഗങ്ങളാണ്.

ആന്റി ചൈൽഡ് ലേബർ ടാസ്ക് ഫോഴ്സ് ജില്ലകളിൽ സംയുക്ത പരിശോധനകൾ നടത്തുകയും ഗാർഹിക ബാലവേല ഉൾപ്പെടെയുള്ള അവകാശ ലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

2013 ഓഗസ്റ്റ് മാസം മുതൽ നാളിതുവരെയായി 14 പെൺകുട്ടികളെ വീട്ടുജോലിക്ക് നിർത്തിയതായി കണ്ടെത്തിയിട്ടുണ്ട്. പതിനാല് കുട്ടികളെയും സി.ഡബ്ല്യു.സി. ഏറ്റെടുത്ത് ഫിറ്റ് പേഴ്സന് ഏൽപ്പിക്കുകയോ സ്വദേശത്തേക്ക് തിരിച്ചയക്കുകയോ ചെയ്തിട്ടുണ്ട്. ആറുകേസുകളിൽ FIR രജിസ്റ്റർ ചെയ്ത് നിയമനടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ